മലയാള മനോരമ
ESTABLISHED 1888
18 January 2018

# മൽസ്യത്തൊഴിലാളി സുരക്ഷയ്ക്ക് നവീന സംവിധാനം: മന്ത്രി

കൊച്ചി ● മൽസ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻ കൂടുതൽ മെച്ചപ്പെട്ട സംവിധാനങ്ങൾ സ്വീകരിക്കുമെന്നു മന്ത്രി ജെ.മേഴ്സിക്കുട്ടിയമ്മ. ഇതിനായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളുടെ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുമെന്നു കേന്ദ്ര സമുദ്രമൽസ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) സഫാരി സമ്മേളനത്തിന്റെ ഭാഗമായി നടത്തിയ ദുരന്തനിവാരണ ചർച്ചയിൽ മന്ത്രി അറിയിച്ചു.

നിലവിലെ പോരായ്മകൾ പരിഹരിച്ച് 500 നാവിക് ഉപകരണങ്ങൾ 30നു മൽസ്യത്തൊഴിലാളികൾക്കു നൽകും. ഫെബ്രുവരിയിൽ 1000 ഉപകരണങ്ങൾ നൽകും. ആഴക്കടലിൽ മീൻപിടിത്തത്തിനു പോകുന്നവരെ കാറ്റിനെക്കുറിച്ച് അറിയിക്കാൻ സംവിധാനമില്ലാത്തതാണ് ഓഖി ദുരന്തത്തിൽ കൂടുതൽ ജീവൻ പൊലിയാൻ കാരണമായതെന്നു മന്ത്രി പറഞ്ഞു.

മുന്നറിയിപ്പു വിവരങ്ങൾ വേഗത്തിൽ കൈമാറുന്നതിന് ഇന്ത്യൻ നാഷനൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് (ഇൻകോയിസ്) വികസിപ്പിച്ച ഡിജിറ്റൽ പ്രദർശന ബോർഡ് മന്ത്രി ഉദ്ഘാടനം ചെയ്തു. ഇൻകോയിസ് സമുദ്രവിവര വിഭാഗം മേധാവി ഡോ. ടി.എം. ബാലകൃഷ്ണൻ, സിഎംഎഫ്ആർഐ ഡയറക്ടർ

ഡോ. എ. ഗോപാലകൃഷ്ണൻ, പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. എ.പി. ദിനേശ്ബാബു, ഡോ. ശ്യാം എസ്. സലിം,

ഡോ. എൻ. അശ്വതി എന്നിവർ പ്രസംഗിച്ചു.